# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T.2702** **27.01.2014-ൽ മറുപടിയ്ക്ക്**

### അണക്കെട്ട് പ്രദേശത്തുള്ള പട്ടികവർഗ്ഗക്കാർക്ക് ഡാമിലെ മത്സ്യബന്ധനാവകാശം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ. റ്റി. ജോർജ്<br>ശ്രീ.പി. എ. മാധവൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) അണക്കെട്ട് പ്രദേശത്തുള്ള പട്ടിക വർഗ്ഗക്കാർക്ക് ഉപജീവനത്തിനായി മത്സ്യബന്ധനാവകാശം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | 25.06.2013-തീയതിയിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുമായി കൂടിയ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. വാളയാർ, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പീച്ചി എന്നീ ഡാമുകളിൽ പട്ടിക വർഗ്ഗക്കാർ ഉപജീവനത്തിനായി മത്സ്യബന്ധനം നടത്തി വരുന്നു. മലമ്പുഴ അണക്കെട്ടിൽ മത്സ്യകൃഷിയും, മത്സ്യബന്ധനവും ഫിഷറീസ് സൊസൈറ്റികൾ മുഖാന്തിരം നടന്നു വരുന്നു. കൂടാതെ കാരാപ്പുഴ അണക്കെട്ട് പ്രദേശത്തുള്ള പട്ടിക വർഗ്ഗക്കാർക്ക് ഉപജീവനത്തിനായി മത്സ്യബന്ധനാവകാശം നല്കുന്നതും പരിഗണനയിലുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;<br>സി) പട്ടിക വർഗ്ഗക്കാർക്ക്, അണക്കെട്ടുകളിൽ മത്സ്യം നിക്ഷേപിക്കുന്നതിനും മത്സ്യബന്ധനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) & സി) | അണക്കെട്ടു പ്രദേശത്ത് താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് മത്സ്യം പിടിച്ച് ഉപജീവനം നടത്തുക എന്നതാണ് ലക്ഷ്യം. ഫിഷറീസ് വകുപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യം വളരുന്ന മുറയ്ക്ക് മത്സ്യബന്ധനം നടത്തുകയാണ് ചെയ്യുന്നത്. |

| | |
|---|---|
| ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഏതൊക്കെ വകുപ്പുകളുമായിട്ടാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | ഡി) ഫിഷറീസ്, വനം, എന്നീ വകുപ്പുകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. സ.ഉ(സാധാ) നം.1065/2013/ജലവിവ തീയതി 01.10.2013 പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള പഴശ്ശി റിസർവോയറിൽ കൂടുകളിൽ മത്സ്യ കൃഷി നടത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് Permissive Sanction നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ